പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3744 | 15.12.2014-ൽ മറുപടിയ്ക്ക് |

## എക്സൈസ് റേഞ്ച് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2013 ജനുവരിക്ക് ശേഷം സംസ്ഥാനത്ത് പുതുതായി എക്സൈസ് റേഞ്ച് ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എവിടങ്ങളിലൊക്കെയാണ് സ്ഥാപിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 18.05.2013-ലെ സ.ഉ(കയ്യെഴുത്ത്) നം.106/13/നി.വ നമ്പർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ എരുമേലിയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പുതുതായി രൂപീകരിച്ച താലൂക്കുകളിൽ സർക്കിൾ ഓഫീസുകളും റേഞ്ച് ഓഫീസുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) | തീരുമാനിച്ചിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നത് പരിഗണനയിലാണെന്ന നികുതി വകുപ്പ് (എഫ്)ന്റെ 15.10.2013-ലെ 24549/എഫ്3/2011 നമ്പർ ഫയൽ പ്രകാരമുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ? | (ഇ) | വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്ന വിഷയം 24549/എഫ്3/11/റ്റി.ഡി നമ്പർ ഫയലിൽ പരിശോധിക്കവെ സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികനില പരിഗണിച്ച് 01.04.2015 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. ആകയാൽ ഈ സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.